**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083</u>** **<u>07-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>ബാക്കിക്കയം റെഗുലേറ്റർ പ്രദേശത്ത് സംരക്ഷണിഭിത്തി നിർമ്മിക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വേങ്ങര ഗ്രാമപഞ്ചായത്തിലെ ബാക്കിക്കയം റെഗുലേറ്റർ പ്രദേശത്ത്, കടലുണ്ടിപ്പുഴയുടെ ഇരുവശങ്ങളിലും സംരക്ഷണിഭിത്തി നിർമ്മിക്കാത്തതിനാൽ കര ഇടിഞ്ഞ് റെഗുലേറ്ററിന് ബലക്ഷം സംഭവിക്കുകയും ഈ പ്രദേശത്തെ വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാക്കിക്കയം റഗുലേറ്ററിനോട് ചേർന്ന് കടലുണ്ടിപുഴയുടെ ഇരുവശത്തും നിലവിൽ കോൺക്രീറ്റ് റീറ്റെയ്നിംഗ് വാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കര ഇടിഞ്ഞു റഗുലേറ്ററിന് നിലവിൽ ബലക്ഷയം സംഭവിച്ചിട്ടില്ല. ബാക്കിക്കയം റഗുലേറ്ററിന്റെ ഇടതുകര 250 മീറ്ററും വലതുകര 150 മീറ്ററും സംരക്ഷണിഭിത്തി നിലവിൽ നിർമ്മിച്ചിട്ടുണ്ട്. വലതുകരയിൽ 21.30 മീറ്റർ സംരക്ഷണിഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ബാക്കിയുണ്ട്. പ്രസ്തുത പ്രവൃത്തിയും, 2018-19 ലെ പ്രളയത്തെ തുടർന്ന് വലതുകരയിലെ 30 മീറ്റർ സംരക്ഷണിഭിത്തി നിർമ്മാണം കൂടി ഉൾപ്പെടുത്തിയ ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്DSR2018ലും GST18% ത്തിലും കണക്കാക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാക്കിക്കയം റഗുലേറ്ററിനോട് ചേർന്ന് കടലുണ്ടിപുഴയുടെ ഇരുവശത്തും നിലവിൽ കോൺക്രീറ്റ് റീറ്റെയ്നിംഗ് വാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കര ഇടിഞ്ഞു റഗുലേറ്ററിന് നിലവിൽ ബലക്ഷയം സംഭവിച്ചിട്ടില്ല. ബാക്കിക്കയം റഗുലേറ്ററിന്റെ ഇടതുകര 250 മീറ്ററും വലതുകര 150 മീറ്ററും സംരക്ഷണിഭിത്തി നിലവിൽ നിർമ്മിച്ചിട്ടുണ്ട്. വലതുകരയിൽ 21.30 മീറ്റർ സംരക്ഷണിഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി ബാക്കിയുണ്ട്. പ്രസ്തുത പ്രവൃത്തിയും, 2018-19 ലെ പ്രളയത്തെ തുടർന്ന് വലതുകരയിലെ 30 മീറ്റർ സംരക്ഷണിഭിത്തി നിർമ്മാണം കൂടി ഉൾപ്പെടുത്തിയ ബാലൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്DSR2018ലും GST18% ത്തിലും കണക്കാക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ